ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : പാഠപുസ്തകങ്ങളുടെ കാലാവധിയെപ്പറ്റി വല്ല ക്ലിപ്പുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർക്കാരിൽനിന്നും അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തുന്ന പാഠപുസ്തകങ്ങൾക്കു് കാലാവധി നിശ്ചയിച്ചിട്ടില്ല.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : അല്ലാത്തവയ്ക്കു് കാലാവധിയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : തെരഞ്ഞെടുക്കപ്പെടുന്ന പുസ്തകങ്ങളായതുകൊണ്ടു് മറ്റുള്ള പുസ്തകങ്ങളുടെ കാലാവധിയും ഒന്നോ രണ്ടോ കൊല്ലത്തേക്കുകൂടി നീട്ടിക്കൊടുക്കുന്നതിനെപ്പറ്റി ഗവൺമെണ്ടിന്റെ അഭിപ്രായം എന്താണു് ?

മിസ്റ്റർ സ്പീക്കർ : ഗവൺമെണ്ടിന്റെ അഭിപ്രായം എന്താണെന്ന ചോദ്യത്തിനു് ഉത്തരം പറയേണ്ടതില്ല.

കൊച്ചിയിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകർ

*വൃഷൻ. (൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചിവിഭാഗത്തിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം എന്താണു്?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ) : കൊച്ചിവിഭാഗത്തിലെ എയിഡഡ് ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ക്ലിപ്തപ്പെടുത്തിയിട്ടില്ല. പ്രസ്തുത സ്കൂളുകൾക്കു് ഗ്രാന്റു നൽകിയിരിക്കുന്നതു് ഓരോ അദ്ധ്യാപകനും പത്തും പതിനഞ്ചും രൂപവീതം ഗ്രാന്റു കിട്ടത്തക്കവണ്ണമുള്ള നിരക്കനുസരിച്ചാണു്. എല്ലാ എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാർക്കും ഏ ഠ രൂപവീതമുള്ള ക്ഷാമപ്പടി കൊടുക്കുന്നുണ്ടു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : ഈ യുകകം തീരെ അപര്യാപ്തമാണെന്നു ഗവൺമെണ്ടു് മനസ്സിലാക്കുന്നുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനെ സംബന്ധിച്ചു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. ആലോചനയിൽ ഇരിക്കയാണു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : കഴിയുന്നതുംവേഗത്തിൽ തീരുമാനിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനെപ്പറ്റി ആലോചിക്കാം.

ഗവൺമെണ്ടിന്റെ വിദ്യാഭ്യാസനയം

‡*വൃഷ ൦. (൪൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

വരുന്നിയ വിദ്യാലയങ്ങൾ പ്രോത്സാഹിപ്പിക്കുകയില്ലെന്നുള്ള നയം ഗവൺമെണ്ടു് സ്വീകരിച്ചതനുസരിച്ചു് പ്രാഥമികവിദ്യാഭ്യാസ ആക്ടു് ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടും അതുസംബന്ധമായ നടപടികൾക്കു് താമസം വരുത്തുന്നതെന്താണു്?

‡ Answer to question 46 and the proceeding two questions were laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly